(ബി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കേണ്ടതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഡി.ജി.പി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) ഇപ്പോൾ ഈ കാര്യം സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

(ഇ) അന്തിക്കാട് 32, നെടുപുഴ 30, ചേർപ്പ് 33 എന്നിങ്ങനെയാണ് ഈ പോലീസ് സ്റ്റേഷനുകളിലെ സ്ട്രെങ്ത്. നെടുപുഴ പോലീസ് സ്റ്റേഷനിൽ രണ്ട് പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവ് ഉണ്ട്.

വടകര പോലീസ് സ്റ്റേഷനിൽ ട്രാഫിക് ഓഫീസ് സംവിധാനം

50 [1626] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര പോലീസ് സ്റ്റേഷനിൽ പ്രത്യേക ട്രാഫിക് ഓഫീസ് സംവിധാനമുണ്ടോ; ഇവിടെ എത്ര പോലീസ് ഓഫീസേഴ്സും എത്ര കോൺസ്റ്റബിൾമാരും ഉണ്ട് എന്നു വ്യക്തമാക്കുമോ;

(ബി) അവർക്ക് ആവശ്യത്തിന് വാഹനങ്ങൾ നൽകിയിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(സി) മുരാട് പാലം, നാരായണനഗരം, അടക്കാതെരു ജംഗ്ഷൻ എന്നിവിടങ്ങളിലും അഞ്ചുവിളക്ക്, പഴയ ബസ് സ്റ്റാന്റ് എന്നിവിടങ്ങളിലും ട്രാഫിക് നിയന്ത്രിക്കാൻ ആവശ്യമായ പോലീസിനെ നിയമിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ ട്രാഫിക് പോലീസിനെ പോസ്റ്റ് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വടകര പോലീസ് സ്റ്റേഷനിൽ പ്രത്യേക ട്രാഫിക് സംവിധാനം നിലവിലുണ്ട്. ഒരു എസ്.ഐ.-യും ഏഴ് എച്ച്.സി.-മാരും ഇരുപത്തിനാല് പോലീസ് കോണ്ടസ്റ്റബിൾമാരും നിലവിലുണ്ട്.

(ബി) നൽകിയിട്ടുണ്ട്. ഒരു ജീപ്പും ഒരു മോട്ടോർ സൈക്കിളും നൽകി യിട്ടുണ്ട്.

(സി) നിയമിച്ചിട്ടുണ്ട്.

(ഡി) മേൽ 'സി'-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly